## 15 -ാം കേരള നിയമസഭ

## 14 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3497** **08-10-2025 - ൽ മറുപടിയ്ക്ക്**

### പുനലൂർ ആർ. പി. എൽ. ഭൂമിയിൽ റബ്ബർ ഇൻഡസ്ട്രിയൽ പാർക്ക് സ്ഥാപിയ്ക്കുന്നതിനുള്ള നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | തോട്ടം മേഖലയിലെ റബ്ബർ വ്യവസായ സാധ്യതകൾ കണക്കിലെടുത്ത്, പുനലൂർ മണ്ഡലത്തിലെ റിഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡിന്റെ ഭൂമിയിൽ റബ്ബർ ഇൻഡസ്ട്രിയൽ പാർക്ക് രൂപീകരിക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ; | (എ) | പുനലൂർ നിയോജക മണ്ഡലത്തിൽ റബ്ബർ അധിഷ്ഠിത വ്യവസായ സംരംഭങ്ങൾ സ്ഥാപിക്കുന്നതിനായി റബ്ബർ പാർക്ക് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ വ്യവസായ വകുപ്പ് മുഖേന സമർപ്പിച്ചിട്ടുണ്ടെന്നും ആയത് സ്ഥാപിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തി നൽകണമെന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 20.01.2024 –ന് പുനലൂർ പി.ഡബ്ല്യു.ഡി റസ്റ്റ് ഹൗസിൽ വച്ച് കൂടിയ യോഗത്തിൽ റിഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള അനുയോജ്യമായ 40 സെന്റ് സ്ഥലം കണ്ടെത്തി നൽകണമെന്ന് നിർദ്ദേശിച്ചതായും കൊല്ലം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | പുനലൂർ മണ്ഡലത്തിൽ റബ്ബർ അധിഷ്ഠിത വ്യവസായ സംരംഭങ്ങൾ സ്ഥാപിക്കുന്നതിന് റിഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള അനുയോജ്യമായ 40 സെന്റ് സ്ഥലം അനുവദിക്കുന്നതിന് വ്യവസായ വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; പ്രസ്തുത വിഷയത്തിൽ, താലൂക്ക് വ്യവസായ കേന്ദ്രം തയ്യാറാക്കിയിട്ടുള്ള പ്രൊപ്പോസലിന്മേൽ ആർ. പി. എൽ. തുടർനടപടികളെടുത്തിട്ടുണ്ടോ; വിശദമാക്കാമോ?; | (ബി) | റബ്ബർ പാർക്ക് സ്ഥാപിക്കുന്നതിന് റിഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള 40 സെന്റ് സ്ഥലം അനുവദിച്ച് നൽകണമെന്ന് പത്തനാപുരം താലൂക്ക് വ്യവസായ ഓഫീസ് മുഖാന്തരം ആർ.പി.എൽ-നോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ റിഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡിന്റെ അധീനതയിലുള്ള ഫാക്ടറി കോംപ്ലക്സ് സ്ഥിതിചെയ്യുന്നത് വനം വകുപ്പിൽ നിന്നും പാട്ടത്തിനെടുത്ത സ്ഥലത്തായതിനാൽ ഫാക്ടറിയ്ക്ക് ചുറ്റുമുള്ള സ്ഥലത്ത് റബ്ബർ പാർക്ക് ആരംഭിക്കുന്നതിന് സാധിക്കുകയില്ല എന്നും കമ്പനിയുടെ ഉടമസ്ഥതയിലുള്ള അനുയോജ്യമായ സ്ഥലം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല എന്നും മാനേജിങ് ഡയറക്ടർ, റിഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡ് പത്തനാപുരം ഉപജില്ലാ വ്യവസായ ഓഫീസറെ അറിയിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയ്ക്കായി ഭൂമി ലഭ്യമാക്കുന്നതു സംബന്ധിച്ച് റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡ് | (സി) | റബ്ബർ പാർക്ക് സ്ഥാപിക്കുന്നതിന് റിഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള 40 സെന്റ് സ്ഥലം അനുവദിച്ച് നൽകണമെന്ന് |

| | | | |
|---|---|---|---|
| | വഴി അനുകൂലമായ തീരുമാനം സ്വീകരിക്കുന്നതിനുള്ള നടപടികളെടുക്കുമോ; വിശദമാക്കാമോ? | | പത്തനാപുരം താലൂക്ക് വ്യവസായ ഓഫീസ് മുഖാന്തരം ആർ.പി.എൽ-നോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ റിഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡിന്റെ അധീനതയിലുള്ള ഫാക്ടറി കോംപ്ലക്സ് സ്ഥിതിചെയ്യുന്നത് വനം വകുപ്പിൽ നിന്നും പാട്ടത്തിനെടുത്ത സ്ഥലത്തായതിനാൽ ഫാക്ടറിയ്ക്ക് ചുറ്റുമുള്ള സ്ഥലത്ത് റബ്ബർ പാർക്ക് ആരംഭിക്കുന്നതിന് സാധിക്കുകയില്ല എന്നും കമ്പനിയുടെ ഉടമസ്ഥതയിലുള്ള അനുയോജ്യമായ സ്ഥലം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല എന്നും മാനേജിങ് ഡയറക്ടർ, റിഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡ് പത്തനാപുരം ഉപജില്ലാ വ്യവസായ ഓഫീസറെ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ